ലഹരിക്കെതിരേ ബോധവത്കരണം

അന്തിക്കാട് : ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി അന്തിക്കാട് പൊലീസും കണ്ടശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളും സംയുക്തമായി കാഞ്ഞാണി ബസ് സ്റ്റാൻഡിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അന്തിക്കാട് സ്റ്റേഷൻ എസ്ഐ പാട്രിക് ഉദ്ഘാടനം ചെയ്തു.

അഷ്ടാംഗഹൃദയ പാരായണം

ചെറുതുരുത്തി: പിഎൻഎൻഎം ആയുർവേദ മെഡിക്കൽ കോളെജിലെ സംഹിത, സിദ്ധാന്ത, സംസ്കൃത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'അനുശീലനം' എന്ന പേരിൽ അഷ്ടാംഗ ഹൃദയ പാരായണം സംഘടിപ്പിച്ചു. ആയുർവേദ വിദ്യാർഥികളിൽ ശ്ലോകപഠനം ശീലമാക്കുന്നതിനും ആയുർവേദ ഗ്രന്ഥങ്ങളുടെ ആഴത്തിലുള്ള പഠനം പ്രോത്സാഹിപ്പിക്കുന്നതിനുമായി വർഷംതോറും സംഘടിപ്പിക്കുന്ന പരിപാടിയാണിത്. അഷ്ടാംഗ ഹൃദയത്തിലെ സൂത്രസ്ഥാനത്തിലുള്ള രോഗാനുത്പാദനീയാധ്യായം ആസ്പദമാക്കിയായിരുന്നു ഈ വർഷത്തെ പരിപാടി. വള്ളത്തോൾ നഗർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫിസർ ഡോ. ശ്രീഹരി മേനോൻ ഉദ്ഘാടനം ചെയ്തു. അധ്യായാവതരണത്തിന് അദ്ദേഹം നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോ. ജി ജി മാത്യൂ, ഡോ. പി.എസ്. നിധിൻ, ഡോ. വി. വിശാഖ്, ഡോ. എം.ആർ. സന്ധ്യ എന്നിവർ പങ്കെടുത്തു.

ഗതാഗത നിയന്ത്രണം

തൃശൂർ: വരവൂർ പിലാക്കാട് തളി റോഡിൽ റോഡ് ഉയർത്തുന്ന പ്രവൃത്തികൾ തിങ്കളാഴ്ച മുതൽ ആരംഭിക്കുന്നതിനാൽ രാമൻചിറ മുതൽ തളി വരെയുള്ള ഭാഗങ്ങളിൽ പണി പൂർത്തിയാകുന്നത് വരെ വാഹനഗതാഗതം ഭാഗികമായി തടസപ്പെടുമെന്ന് വടക്കാഞ്ചേരി പൊതുമരാമത്തുനിരത്തുകൾ സെക്ഷൻ അസി. എൻജിനീയർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 7594971154

അവലോകന യോഗം

തൃശൂർ: ബാലനീതി, പോക്സോ, ആർടിഇ കർത്തവ്യവാഹകരുടെ ജില്ലാതല യോഗം ഒമ്പതിന് രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ കലക്ടറേറ്റ് എക്സിക്യൂട്ടീവ് ഹാളിൽ നടത്തുമെന്ന് ജില്ലാ ശിശു സംരക്ഷണ ഓഫിസർ അറിയിച്ചു.

തൊഴിൽമേള സംഘടിപ്പിച്ചു

തൃശൂർ: ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആൻഡ് എംപ്ലോയബിലിറ്റി സെന്ററും സെന്റ് മേരീസ് കോളെജും (ഓട്ടോണമസ്) സംയുക്തമായി 'നിയുക്തി 2026' തൊഴിൽമേള സംഘടിപ്പിച്ചു. രാജൻ ജെ. പല്ലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. കൗൺസിലർ അഡ്വ. ജോയ് ബാസ്റ്റ്യൻ ചാക്കോള അധ്യക്ഷത വഹിച്ചു. 25 തൊഴിൽദായകർ പങ്കെടുത്ത തൊഴിൽമേളയിൽ 500-ൽപ്പരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. മേളയിൽ പങ്കെടുത്ത 859 ഉദ്യോഗാർഥികളിൽ നിന്ന് 257 പേരെ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും, 41 പേർക്ക് നിയമനം ലഭിക്കുകയും ചെയ്തു.

അപേക്ഷ ക്ഷണിച്ചു

തൃശൂർ: ജില്ലാ പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 21-നും 30-നും ഇടയിൽ പ്രായമുള്ള, വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ജോലി നേടുന്നതിനാവശ്യമായ പ്രവൃത്തിപരിചയം ഇല്ലാത്ത അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കാണ് അവസരം. കൂടുതൽ വിവരങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫിസിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫിസുകളിലും ലഭ്യമാണെന്ന് ജില്ലാ പട്ടികജാതി വികസന ഓഫിസർ അറിയിച്ചു. ഫോൺ: 0487 2360381.

ചെമ്പൈ സംഗീതോത്സവത്തിന് തുടക്കം

ഗുരുവായൂർ: ഏകാദശിയോടനുബന്ധിച്ചുള്ള ചെമ്പൈ സംഗീതോത്സവം തുടങ്ങി. ദേവസ്വം മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു.

മന്ത്രിയിൽ നിന്ന് ശ്രീഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരം ടി.കെ.മൂർത്തി (103) ഏറ്റുവാങ്ങി. 50,001 രൂപയും ശ്രീഗുരുവായൂരപ്പന്റെ രൂപം ആലേഖനം ചെയ്ത പത്തു ഗ്രാം ലോക്കറ്റ്, ഫലകം, പ്രശസ്തി പത്രം എന്നിവയടങ്ങുന്നതാണ് പുരസ്കാരം.



ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ചുള്ള ചെമ്പൈ സംഗീതോത്സവം മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

ദേവസ്വം ചെയർമാൻ എ.വി.ഗോപിനാഥ് അധ്യക്ഷനായി. വിശിഷ്ട സാന്നിധ്യമായെത്തിയ പ്രശസ്ത ഗായിക കെ.എസ്. ചിത്രയെ ദേവസ്വത്തിന് വേണ്ടി മന്ത്രി മുരളീധരൻ ആദരിച്ചു.

എൻ.കെ. അക്ബർ എംഎൽഎ, ഗുരുവായൂർ നഗരസഭാധ്യക്ഷ സുനിത അരവിന്ദൻ, വാർഡ് കൗൺസിലർ ശോഭ ഹരി നാരായണൻ, ദേവസ്വം ഭരണസമിതി അംഗങ്ങളായ എം.യു. ഷിനിജ, മല്ലിശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, അഡ്മിനിസ്ട്രേറ്റർ എസ്. ഹരിഗോപാൽ എന്നിവർ പങ്കെടുത്തു.

വിയ്യൂർ ജയിലിൽ മലയാളദിനാഘോഷം നടത്തി

തൃശൂർ: ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാഡമിയും വിയ്യൂരിലെ അതീവ സുരക്ഷാജയിലുംസംയുക്തമായി 'സർഗം 2026' മലയാള ദിനാഘോഷം സംഘടിപ്പിച്ചു. അതീവ സുരക്ഷാ ജയിലിൽ നടന്ന പരിപാടി സാഹിത്യ അക്കാഡമി സെക്രട്ടറി എം.പി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.വാരാഘോഷത്തിന്റെ ഭാഗമായി നടത്തിയ കഥ, കവിത, ഉപന്യാസ രചനാ മത്സര വിജയികൾക്ക് ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ജയിൽ മധ്യമേഖല ഡിഐജി എസ്. സജീവ് അധ്യക്ഷത വഹിച്ചു. മധ്യമേഖല റീജിയണൽ വെൽഫെയർ ഓഫിസർ ടി.ജി. സന്തോഷ്, എൻ. ഗിരീഷ് കുമാർ, ആർ. ജയചന്ദ്രൻ, പി. എസ്. വിനീത, കെ.ടി. ദിലീപ്, ഒ. എം. രതൂൺ, വി.പി. ബിബിൻ എന്നിവർ പങ്കെടുത്തു.

പി.കെ. ചാത്തൻ മാസ്റ്റർ സ്മൃതിസഭ പ്രചരണത്തിന് തുടക്കം

ആദ്യ ചുമരെഴുത്ത് നടത്തി കേന്ദ്രമന്ത്രി സുരേഷ് ഗോപി

ഇരിങ്ങാലക്കുട: 19ന് നടക്കുന്ന പി.കെ. ചാത്തൻ മാസ്റ്റർ സ്മൃതിസഭയുടെ പ്രചരണ പരിപാടികൾക്ക് തുടക്കം. സ്മൃതിസഭയുടെ പ്രചരണാർഥമുള്ള ആദ്യ ചുമരെഴുത്ത് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു.

കേരളത്തിന്റെ സാമൂഹ്യ നവോത്ഥാന രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പി. കെ. ചാത്തൻ മാസ്റ്ററെ കേരളം മാറിമാറി ഭരിച്ച ഇടതുപക്ഷ-വലതുപക്ഷ സർക്കാരുകൾ വിസ്മരിച്ചുവെന്ന് മുൻ മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ പറഞ്ഞു. ഇഎംഎസ് മന്ത്രിസഭയിൽ പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രിയായിരുന്ന ചാത്തൻ മാസ്റ്റർക്ക് അർഹമായ സ്മാരകം ഒരുക്കാൻ പോലും മാറിമാറി അധികാരത്തിലെത്തിയ സർക്കാരുകൾ തയ്യാറായില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്മൃതിസഭ സംഘാടകസമിതി ചെയർമാൻ സി.സി. മുകുന്ദൻ, ജനറൽ കൺവീനർ കെ. അജിത്, ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സുരേഷ്, വൈസ് പ്രസിഡന്റ് കെ. കെ. അനീഷ് കുമാർ, എസ്സിമോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് എന്നിവർ പങ്കെടുത്തു.



പി.കെ. ചാത്തൻ മാസ്റ്റർ സ്മൃതിസഭ പ്രചരണത്തിന് തുടക്കം കുറിച്ച് ആദ്യ ചുമരെഴുത്ത് കേന്ദ്രമന്ത്രി സുരേഷ് ഗോപി നടത്തുന്നു

ഡോ. രേണു സുരേഷ്, കെ. സോമൻ, സൗത്ത് ജില്ലാ പ്രസിഡന്റ് എ.ആർ. ശ്രീകുമാർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.



പെരിങ്ങാവ് ശ്രീധന്വന്തരി ക്ഷേത്രത്തിൽ പടിഞ്ഞാറെ നടപ്പുരയുടെയും ദീപസ്തംഭത്തിന്റെയും സമർപ്പണം തന്ത്രി പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് നിർവഹിക്കുന്നു

നടപ്പുരയും ദീപസ്തംഭവും സമർപ്പിച്ചു

തൃശൂർ: പെരിങ്ങാവ് ശ്രീധന്വന്തരി ക്ഷേത്രത്തിൽ നിർമിച്ച പടിഞ്ഞാറെ നടപ്പുരയുടെയും പുതിയ ദീപസ്തംഭത്തിന്റെയും സമർപ്പണം തന്ത്രി പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് നിർവഹിച്ചു. ക്ഷേത്രത്തിൽ ദശാവതാരം ചന്ദനംചാർത്ത് നടത്തിയ പെരികമന മണി നമ്പൂതിരിയെയും അവതാര പ്രഭാഷണം നടത്തിയ ഡോ. സി. പത്മജനെയും പെരിങ്ങാവ് ദേവസ്വം ആദരിച്ചു. മേളകലാരത്നം കിഴക്കൂട്ട് അനിയൻമാരാർ മുഖ്യാതിഥിയായി. പെരിങ്ങാവ് സ്വദേശി മണ്ണത്തുപറമ്പിൽ നാരായണൻകുട്ടിയും പത്നി രമാദേവിയും മകൾ ഡോ.എൻ. മൃദുലയുടെ സ്മരണക്കായാണ് അഞ്ച് ലക്ഷം രൂപ ചെലവിൽ നടപ്പുരയും ദീപസ്തംഭവും വഴിപാടായി സമർപ്പിച്ചത്. പെരിങ്ങാവ് ദേവസ്വം പ്രസിഡന്റ് ഇ. കൃഷ്ണൻ, സെക്രട്ടറി അഡ്വ. എം.സി. മനോജ്കുമാർ, രാമചന്ദ്രൻ കടവിൽ, ഇ.ആർ. വേണുഗോപാൽ, സി.ആർ. വേണുഗോപാൽ എന്നിവർ പങ്കെടുത്തു.

പുത്തൻചിറ സ്മാർട്ട് വില്ലെജ് ഓഫിസ് ശിലാസ്ഥാപനം നടത്തി

സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കണം: മന്ത്രി

മാള: സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ജനപ്രതിനിധികളേക്കാൾ പ്രധാന പങ്ക് വഹിക്കുന്നത് ഉദ്യോഗസ്ഥരാണെന്ന് മന്ത്രി ഒ. ജെ. ജനീഷ്. പുത്തൻചിറ സ്മാർട്ട് വില്ലെജ് ഓഫിസിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വില്ലെജ് ഓഫിസുകളിലെത്തുന്ന ജനങ്ങൾക്ക് പരമാവധി ഉപകാരപ്രദമായ രീതിയിൽ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാരിന്റെ നയം. വില്ലെജ് ഓഫിസുകളിലെത്തുന്ന സാധാരണക്കാർക്ക് പ്രയാസങ്ങളോ, അനാവശ്യ തടസങ്ങളോ ഇല്ലാതെ കാര്യങ്ങൾ വേഗത്തിൽ ചെയ്തുനൽകുന്ന സമീപനമാണ് വേണ്ടതെന്നും ഇതിനായി മുൻകൈയെടുത്ത് പ്രവർത്തിക്കാൻ വില്ലെജ് ഓഫിസർമാരും ജീവനക്കാരും മറ്റ് അനുബന്ധ ഉദ്യോഗസ്ഥരും സന്നദ്ധരാകണമെന്നും മന്ത്രി നിർദ്ദേശിച്ചു. പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ നടപടിക്രമങ്ങൾ വേഗത്തിലാക്കി നിശ്ചിത സമയത്തിനുള്ളിൽ തന്നെ നിർമാണം പൂർത്തീകരിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം.



പുത്തൻച്ചിറ സ്മാർട്ട് വില്ലെജ് ഓഫിസ് ശിലാസ്ഥാപനം മന്ത്രി ഒ.ജെ. ജനീഷ് നിർവഹിക്കുന്നു

ജിടിഐഎസ് മഞ്ചേരി എന്ന സ്ഥാപനമാണ് ഈ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. അടുത്ത വർഷം ഇതേ സമയത്തിനകം നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്താൻ കഴിയുന്നതരത്തിൽ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകണം.നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ എല്ലാവരും ഒത്തൊരുമയോടെ ഒരു ടീമായി പ്രവർത്തിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഫണ്ട് വിനിയോഗിക്കുമ്പോൾ മുൻഗണനാക്രമം (പ്രയോറിറ്റി) നിശ്ചയിച്ച് പ്രധാന പദ്ധതികൾ എത്രയും പെട്ടെന്ന് യാഥാർഥ്യമാക്കണം. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ മേഖല തുടങ്ങി ഏത് പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കും ഇത്തരം മുൻഗണനാക്രമം ഏറെ സഹായകരമാകുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ബെന്നി ബെഹനാൻ എംപി അധ്യക്ഷത വഹിച്ചു.

പുത്തൻചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എൻ. രാജേഷ് മുഖ്യാതിഥിയായി. ജില്ലാ കലക്ടർ ശിഖ സുരേന്ദ്രൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ഷക്കീല, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുജിത് ലാൽ, ഇരിങ്ങാലക്കുട ആർഡിഒ അബ്ദുൾ മജീദ് സി.എം, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ സ്മാർട്ട് വില്ലെജ് ഓഫിസ് നിർമാണത്തിന് കൊടുങ്ങല്ലൂർ നിയോജക മണ്ഡലം മുൻ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2016-17, 2022-23 വർഷങ്ങളിലായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

കടപ്പുറത്ത് കുടിവെള്ളക്ഷാമം: സർക്കാർ ഇടപെടണമെന്ന് നാട്ടുകാർ

ചാവക്കാട്: കടപ്പുറം പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിന് ജലജീവൻ പദ്ധതി പ്രകാരം വട്ടേക്കാട് മൂന്നാംകല്ലിൽ 41 കോടി രൂപ ചെലവഴിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതി നോക്കുകുത്തിയാകുന്നു.

എൻഎച്ച് 66 നാഷണൽ ഹൈവേയുടെ പണി പൂർത്തീകരണ ഘട്ടത്തിൽ കുടിവെള്ളം സ്റ്റോക്ക് ചെയ്യുന്നതിന് നിർമിച്ചിട്ടുള്ള ടാങ്കിലേക്ക് വെള്ളം വരാൻ പൈപ്പ് ഇടാൻ പറ്റാത്ത അവസ്ഥയിലാണ്.

ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും ജല വിഭവ വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ഇല്ലാത്തതും മൂലമാണ് ഇത്തരം സാഹചര്യമുണ്ടായിട്ടുള്ളതെന്ന് നാട്ടുകാർ ആരോപിച്ചു.

കടപ്പുറം പഞ്ചായത്തിലെ 50 ശതമാനത്തിലധികം പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിച്ച് കൊണ്ടുവന്ന കുടിവെള്ള പദ്ധതി ജനങ്ങൾക്ക് ഉപകാരപ്പെടാത്ത സാഹചര്യത്തിലാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്.

അടിയന്തരമായി സംസ്ഥാന സർക്കാരും ജലവിഭവ വകുപ്പും ഇടപെട്ട് എൻഎച്ച് 66 ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ടാങ്കിലേക്ക് വെള്ളം എത്തിക്കാനുള്ള പൈപ്പ് ഇടാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



മൂന്നാംകല്ലിൽ കുടിവെള്ളം സ്റ്റോക്ക് ചെയ്യുന്നതിന് നിർമിച്ചിട്ടുള്ള ടാങ്ക്

ചേർപ്പ് ഉപജില്ലാ കലോത്സവം: 10 മുതൽ പെരിങ്ങോട്ടുകരയിൽ

അന്തിക്കാട്: ചേർപ്പ് ഉപജില്ലാ കേരള സ്കൂൾ കലോത്സവം 10 മുതൽ 13 വരെ പെരിങ്ങോട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ, സെറാഫിക് സിജിഎച്ച്എസ് എന്നിവിടങ്ങളിലെ 10 വേദികളിൽ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഉപജില്ലയിലെ 97 വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികൾ കലോത്സവത്തിൽ മാറ്റുരയ്ക്കും. അവിണിശേരി, പാറളം, ചാഴൂർ, താന്ന്യം, വല്ലച്ചിറ, നെന്മണിക്കര, തൃക്കൂർ, അളഗപ്പനഗർ, വരന്തരപ്പിള്ളി, ചേർപ്പ് പഞ്ചായത്തുകളിലെ 10 വിദ്യാലയങ്ങളിലെ എൽപി, യുപി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ നിന്നായി 5,000 കുട്ടികൾ കലോത്സവത്തിൽ പങ്കാളികളാകും. 11 ന് രാവിലെ 9 ന് ചേർപ്പ് എഇഒ എം.വി. സുനിൽ കുമാർ പതാക ഉയർത്തും. തുടർന്ന് നടക്കുന്ന ചടങ്ങിൽ ഗീതാഗോപി എംഎൽഎ കലോത്സവം ഉദ്ഘാടനം ചെയ്യും. താന്ന്യം പഞ്ചായത്ത് പ്രസിഡന്റ് എൻ.എ. പീതാംബരൻ അധ്യക്ഷനാകും. 13ന് വൈകിട്ട് നാലിന് നടക്കുന്ന സമാപന സമ്മേളനം കെ. രാജൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. കെ.കെ. രാമചന്ദ്രൻ എംഎൽഎ മുഖ്യാതിഥിയാകും. വാർത്താസമ്മേളനത്തിൽ കെ. പി. സന്ദീപ്, പി.എസ്. ബിന്ദു, എം.വി. സുനിൽ കുമാർ, സി.എൻ. ആശ, കെ.എ. സിനി എന്നിവർ പങ്കെടുത്തു.

മറക്കില്ല ഈ അതിജീവനം

ചൂരൽമലയുടെ മകൾ ശ്രുതിക്ക് സന്ദീപ് താലി ചാർത്തി

കാർമികത്വം വഹിച്ച് കെ. രാജൻ എംഎൽഎ

ഗുരുവായൂർ: ചൂരൽമലയുടെ നെഞ്ചുതകർത്ത ഉരുൾപൊട്ടലിൽ സർവവും നഷ്ടപ്പെട്ട് ഒറ്റപ്പെട്ടുപോയ ശ്രുതിയുടെയും മാനന്തവാടി സ്വദേശിയും റവന്യൂ വകുപ്പ് ജീവനക്കാരനുമായ സന്ദീപിന്റെയും വിവാഹം ഗുരുവായൂർ ക്ഷേത്രനടയിൽ നടന്നു. കെ. രാജൻ എംഎൽഎ നേരിട്ടെത്തി സഹോദരന്റെയും രക്ഷകർത്താവിന്റെയും സ്ഥാനത്തുനിന്ന് ശ്രുതിയെ സന്ദീപിന് കൈപിടിച്ചേൽപ്പിച്ചു.

ഇരുപത്തി മൂന്നാമത്തെ വയസിൽ കണ്ണടച്ചു തുറക്കും മുമ്പേ ഉറ്റവരും ഉടയവരുമായ ഒൻപതോളം പേരെ നഷ്ടപ്പെട്ട്, തുടർന്നുണ്ടായ ആഘാതങ്ങളിൽ അന്ധകാരത്തിലേക്ക് വീണുപോയവളാണ് ശ്രുതി. എന്നാൽ തോറ്റുകൊടുക്കാൻ തയ്യാറാകാതിരുന്ന ശ്രുതിയെ കേരളം ഒറ്റയ്ക്ക് നടക്കാൻ വിട്ടില്ല. കേരളക്കര മുഴുവൻ ഒരു മകളെ പോലെ ആ പെൺകുട്ടിക്ക് താങ്ങായി നിലകൊണ്ടു. സർക്കാർ നൽകിയ വാക്കുപാലിച്ച് ശ്രുതിക്ക് റവന്യൂ വകുപ്പിൽ (കൽപ്പറ്റ കലക്ടറേറ്റിൽ) ജോലി നൽകി സുരക്ഷിതത്വം ഉറപ്പാക്കി കൈപിടിച്ചുയർത്തുകയായിരുന്നു.



ഗുരുവായൂർ ക്ഷേത്രനടയിൽ വിവാഹിതരായ ശ്രുതിക്കും സന്ദീപിനുമൊപ്പം കെ. രാജൻ എംഎൽഎ

ദുരന്തക്കയങ്ങളിൽ തളർന്നുപോകാതെ ജീവിതത്തിലേക്ക് വീണ്ടും തിരികെനടന്ന ശ്രുതിയുടെ ഈ വിവാഹം, നാടൊന്നാകെ ആഗ്രഹിച്ച സന്തോഷ നിമിഷമാണ്. ശ്രുതിയെ നന്നായി അടുത്തറിയാവുന്ന, അവളുടെ കൂടെ ജോലി ചെയ്യുന്ന സന്ദീപിന്റെ കൈകളിലേക്ക് ചേർത്തുപിടിച്ചേൽപ്പിക്കുമ്പോൾ വലിയൊരു ചാരിതാർഥ്യമുണ്ട്. കേരളം എന്നും ഈ മകൾക്കൊപ്പം ഉണ്ടാകും' കെ. രാജൻ എംഎൽഎ പ്രതികരിച്ചു.എണ്ണമറ്റ മനുഷ്യരുടെ സ്നേഹവും പ്രാർത്ഥനയും കൂട്ടായി ശ്രുതിയും സന്ദീപും പുതിയൊരു യാത്ര ആരംഭിക്കുമ്പോൾ, ഇരുവർക്കും ഹൃദയം നിറഞ്ഞ വിവാഹാശംസകളും പ്രാർഥനകളും നേരുന്നതായി എംഎൽഎ അറിയിച്ചു.



ചേറൂർ സാഹിതിയിൽ നടന്ന നിത്യഹരിതം - പ്രേംനസീർ സ്മൃതി ഗാനരചയിതാവ് എം.ഡി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

'നിത്യഹരിതം - പ്രേംനസീർ സ്മൃതി' സംഘടിപ്പിച്ചു

തൃശൂർ: അനശ്വരരായ സാംസ്കാരിക നായകരെ വേണ്ടവിധം ആദരിക്കുന്നതിൽ മലയാളിക്ക് ഇപ്പോഴും വിമുഖതയുണ്ടെന്നും മലയാളിയുള്ള കാലത്തോളം പ്രേംനസീർ എന്നും ഓർമിക്കേണ്ട വ്യക്തിത്വമാണെന്നും കവിയും ഗാനരചയിതാവുമായ എം.ഡി. രാജേന്ദ്രൻ അഭിപ്രായപ്പെട്ടു. തൃശൂർ ലിറ്റററി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'നിത്യഹരിതം - പ്രേംനസീർ സ്മൃതി' എന്ന പേരിൽ സംഘടിപ്പിച്ച സാഹിതിയുടെ ജന്മശതാബ്ദി പ്രണാമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചേറൂർ സാഹിതിയിൽ നടന്ന പരിപാടിയിൽ എഴുത്തുകാരനും തൃശൂർ ലിറ്റററി ഫോറം പ്രസിഡന്റുമായ കെ. ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. സതീഷ് കുമാർ വിശാഖപട്ടണം, സുരേഷ് കോമ്പാത്ത് എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ അവതരിപ്പിച്ചു. അപർണ ബാലകൃഷ്ണൻ, മോഹൻദാസ് പാറപ്പുറത്ത്, ഇ.ജി. സുബ്രഹ്മണ്യൻ, അനിൽകുമാർ കോലഴി, ജോബി വെള്ളാനിക്കര എന്നിവർ പങ്കെടുത്തു.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേഡ് ഓഫിസ്- രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവ്രംഗ്പുര, അഹമ്മദാബാദ്-09.
ബ്രാഞ്ച് ഓഫിസ്: ഒന്നാം നില, താപ്പിസ് മാൾ, ഹരികര സ്ട്രീറ്റ്, സുൽത്താൻപേട്ട്, കോർട്ട് റോഡ്, പാലക്കാട്, കേരളം, 678007

ലേല വിൽപ്പന നോട്ടിസ്. ഇ-ലേല വിൽപ്പന നോട്ടിസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കിഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇന്റെറസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റ്സ്ട്ര് ആക്റ്റ് 2002 പ്രകാരം. എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോണ് അക്കൗണ്ടിന്റെ ഭാഗമായി സെക്യൂരിറ്റി ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ എവിടെയാണോ, അവിടെ അതേപടി, 'എന്തോണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു . support@bankeauctions.com. /https:// www.bankeauctions.com എന്ന വെബ്സ